(ഇ) ഈ പാലത്തിന്റെ നിർമ്മാണച്ചുമതല R.B.D.C.K.-യെ ഏല്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(എഫ്&ജി) റെയിൽവേയുടെ മാനദണ്ഡമനുസരിച്ച് കോസ്റ്റ് ഷെയറിംഗ് വ്യവസ്ഥയിൽ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഗതാഗത സാന്ദ്രത ഈ ലെവൽ ക്രോസിങ്ങുകളിൽ ഇപ്പോളില്ല.

ഗാൻട്രി സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കരാർ

55 (3614) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പു സംസ്ഥാനത്തെ നാഷണൽ ഹൈവേകളിലും മറ്റു പ്രധാന റോഡുകളിലും ഗാൻട്രി സൈൻബോർഡുകൾ വയ്ക്കാൻ ഇപ്പോൾ ആർക്കാണ് കരാർ നൽകിയിട്ടുള്ളത് ; ഇത് എത്ര വർഷത്തേക്ക് എത്ര എണ്ണം നൽകിയിട്ടുള്ളതാണെന്നും എത്രയാണ് കരാർ തുക എന്നുമുള്ള വിശദാംശം കൂടി നൽകുമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കു സമീപം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനു നിലവിലുള്ള പ്രതിവർഷ വാടക നിരക്ക് എത്രയാണ് ; ഇതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഗാൻട്രി സൈൻബോർഡുകൾ കരാർ നൽകുക വഴി ഇപ്പോൾ പ്രതിവർഷം എന്തു തുകയുടെ നഷ്ടമുണ്ടാകുന്നുവെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാരിനു സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുള്ള പ്രസ്തുത കരാർ റദ്ദു ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കു സമീപം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനു നിലവിലുള്ള പ്രതിവർഷ വാടക നിരക്ക് ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പ്രദേശത്ത് സ്ക്വയർ മീറ്ററിന് 600 രൂപ.
2. മുൻസിപ്പൽ പ്രദേശത്ത് സ്ക്വയർ മീറ്ററിന് 900 രൂപ.
3. കോർപ്പറേഷൻ പ്രദേശത്ത് സ്ക്വയർ മീറ്ററിന് 1440 രൂപ.

ദേശീയപാതയ്ക്കു സമീപം ബോർഡുകൾ സ്ഥാപിക്കുന്നതിന് വാടക ഈടാക്കുവാൻ വ്യവസ്ഥയില്ല.

(ഡി) പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച പരാതി പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[21-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 (3614) കാണുക]

ദേശീയപാതാ വിഭാഗം

നമ്പർ	കരാറുകാരന്റെ പേര്	ഗാൻട്രി സൈൻ ബോർഡുകളുടെ എണ്ണം	കാലാവധി
1.	പടിയത്ത് ഡയറി പ്രോഡക്ട്, കൊച്ചി	1	5 വർഷം
2.	വി.എസ്. ക്രിയേഷൻസ്, കൊച്ചി	1	5 വർഷം
3.	ഫോർസ്റ്റാർ ക്രിയേഷൻസ്, കൊച്ചി	1	5 വർഷം
4.	ഷെയർവുഡ് ഹൈടെക് സിസ്റ്റം, കൊച്ചി	1	5 വർഷം
5.	സൺ അഡ്വർടൈസ്മെന്റ്, കൊച്ചി	1	5 വർഷം
റോഡുകളും പാലങ്ങളും വിഭാഗം			
1.	അഡ്വർടൈസ്മെന്റ് വേൾഡ്, കൊച്ചി	97	15 വർഷം
2.	കൃപാ അസോസിയേറ്റ്, കൊച്ചി	1	15 വർഷം
3.	സൺ അഡ്വർടൈസിംഗ്, കൊച്ചി	3	15 വർഷം
4.	സെൽറ്റാ കമ്മ്യൂണിക്കേഷൻ, കോട്ടയം	4	മരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന സമയത്ത് ബോർഡുകൾ നീക്കംചെയ്യണമെന്ന വ്യവസ്ഥ

കുറിപ്പ് : കരാറുകാരുടെ കയ്യിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly